## ചേമ്പനയിലെ ആദിവാസികൾക്ക് റേഷൻകട

166 [1347] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് മലമ്പുഴ ചേമ്പനയിൽ ആദിവാസികൾ താമസിക്കുന്ന പ്രദേശത്ത് ഒരു റേഷൻകട അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

പാലക്കാട് മലമ്പുഴ ചേമ്പന എന്ന സ്ഥലത്ത് പുതിയ റേഷൻകട അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിക്കുന്ന മുറയ്ക്ക് അതിൻമേൽ ആവശ്യമായ അന്വേഷണം നടത്തി ആവശ്യമെന്നു കണ്ടാൽ പുതിയ റേഷൻകട അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## അകമലവാരം തോട്ടം പ്രദേശത്ത് റേഷൻകട സ്ഥാപിക്കാൻ നടപടി

167 [1348] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മലമ്പുഴ അകമലവാരം തോട്ടം പ്രദേശത്ത് താമസിക്കുന്ന ആദിവാസികൾക്ക് സമീപപ്രദേശത്ത് റേഷൻകട ഇല്ലെന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രദേശത്ത് ഒരു റേഷൻകട അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ, ബി) ഇല്ല. അകമലവാരം തോട്ടത്തിനു സമീപമുള്ള ആനക്കല്ല് എന്ന സ്ഥലത്ത് ഒരു റേഷൻകട (എ. ആർ. ഡി. 136) പ്രവർത്തിക്കുന്നുണ്ട്. ഇവിടെ പുതിയ റേഷൻകട അനുവദിക്കണമെന്ന നിവേദനം ഒന്നുംതന്നെ ജില്ലാ സപ്ലൈ ഓഫീസർക്ക് ലഭിച്ചിട്ടില്ല.

## തലപ്പുള്ളി താലൂക്കിലെ മണ്ണെണ്ണ വിതരണം

168 [1349] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തലപ്പുള്ളി താലൂക്കിൽ മണ്ണെണ്ണ വിതരണത്തിന് ഏതെല്ലാം ഏജൻസികളെയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഏജൻസികൾക്ക് ലൈസൻസ് കൊടുത്തത് ഏത് വർഷത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) തലപ്പള്ളി താലൂക്കിൽ എത്ര കിലോ ലിറ്റർ മണ്ണെണ്ണയാണ് 1994–95, 1995–96 വർഷത്തിൽ അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) 1995–96 വർഷത്തിൽ ഇവിടെ പുതിയ ഏജൻസി അനുവദിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പുതിയ ഏജൻസിക്ക് വാഹനമോ, ഗോഡൗണോ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത ലൈസൻസ് അനുവദിച്ച ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) മറുപടി അനുബന്ധമായി വെച്ചിട്ടുണ്ട്.†

(സി) 1994–95 വർഷത്തിൽ 5996 കി. ലിറ്ററും 1995–96 വർഷത്തിൽ ഫെബ്രുവരി വരെ 5112 കി. ലിറ്റർ മണ്ണെണ്ണയും ആണ് അനുവദിച്ചത്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## III. അവകാശലംഘന പ്രശ്നം

മി. സ്പീക്കർ: 3–3–1996–ലെ മലയാള മനോരമ ദിനപത്രത്തിൽ—"വാഴ്സിറ്റിക്ക് അടുത്തുവരാൻ യോഗ്യതയില്ലാത്തവർ സിൻഡിക്കേറ്റിൽ ഡോ. കെ.ജി. അടിയോടി" എന്ന ശീർഷകത്തിൽ പ്രത്യക്ഷപ്പെട്ട വാർത്തയുടെ അടിസ്ഥാനത്തിൽ കൊച്ചി ശാസ്ത്ര–സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ വൈസ് ചാൻസലർ ഡോ. കെ. ജി. അടിയോടിക്ക് എതിരെ ശ്രീ. എം.ജെ. സക്കറിയ കണ്ടംപ്ട് ഓഫ് ദി ഹൗസിനും സഭാംഗങ്ങളുടെ അവകാശ ലംഘനത്തിനും നോട്ടീസ് നൽകിയിട്ടുണ്ട്. ഈ നോട്ടീസ് ക്രമാനുസൃതമാകയാൽ ചെയർ ഇത് സഭയിൽ ഉന്നയിക്കാൻ അനുവാദം കൊടുത്തിട്ടുണ്ട്. ശ്രീ. എം. ജെ. സക്കറിയക്ക് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് റൂൾ 157 (1) അനുസരിച്ച് സഭയുടെ അനുമതി നൽകുന്നതു സംബന്ധിച്ചാണ് ഇത് ഇവിടെ ഉന്നയിക്കുന്നത്.

9.30 a.m.]

† അനുബന്ധം—VII

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം VII

[13-3-1996-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 108 (1349) കാണുക]

| ക്രമനമ്പർ | പേരുവിവരം | ലൈസൻസ് അനുവദിച്ച വർഷം |
|---|---|---|
| 1. | സക്കറിയ വർഗ്ഗീസ്, ഐ. ഒ. സി., കുന്നംകുളം | 1969 |
| 2. | സി. കെ. രാജൻ, ഐ. ഒ. സി., വടക്കാഞ്ചേരി | 1969 |
| 3. | സി. കെ. താവു ആൻറ് കമ്പനി, ഐ. ഒ. സി., കുന്നംകുളം | 1969 |
| 4. | സി. കെ. രാജൻ, ഐ. ഒ. സി., ചേലക്കര | 1969 |
| 5. | എസ്. കെ. എസ്. അയ്യർ ആൻറ് സൺസ്, ഐ. ഒ. സി., ഓട്ടുപാറ, വടക്കാഞ്ചേരി | 1969 |
| 6. | എസ്. കെ. എസ്. അയ്യർ ആൻറ് സൺസ്, ഐ. ഒ. സി., തിരുവിലാമല | 1968 |
| 7. | ഇ. പി. എസ്. നാരായണൻ. എച്ച്.പി.സി., തിരുവിലാമല | 1977 |
| 8. | ജോസഫ് ആൻറ് ജോൺസൺ, എച്ച്.പി.സി., കുന്നംകുളം | 1973 |

LIBRARY ARCHIVES Kerala Legislative Assembly